## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1292** **06.03.2018 ൽ മറുപടിയ്ക്ക്**

## വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിലിന് എല്ലാ ജില്ലകളിലും സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; | എ) ഉണ്ട് |
| ബി) ഈ കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതു വഴി ഓരോ ജില്ലയിലും വിളവെടുക്കുന്ന കാർഷികോത്പന്നങ്ങൾ മറ്റ് ജില്ലകളിൽ വിപണനം ചെയ്യുകയും കർഷകർക്ക് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ആശ്വാസവും മികച്ച വിലയും ലഭിക്കാനുള്ള നടപടികളും സ്വീകരിക്കുമോ? | ബി) വി.എഫ്.പി.സി.കെ കാക്കനാട് ഓഫീസിലുള്ള മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ വഴി വിവിധ ഹോൾസെയിൽ മാർക്കറ്റുകളിലെ പഴം പച്ചക്കറിയുടെ വിലകൾ ശേഖരിക്കുകയും അത് സമിതികളിൽ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ഉത്പന്നങ്ങൾ അധികം വരികയും വിലകുറയുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ മികച്ച വില ലഭിക്കുന്നതിനായി മറ്റു ജില്ലകളിൽ വിപണനം നടത്തുന്നതിനു ഇത് സഹായകരമാണ്. നിലവിൽ ഈ രീതി അവലംബിക്കുന്നതിനാൽ കർഷകർക്ക് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ആശ്വാസവും മികച്ച വിലയും ലഭിക്കുന്നുണ്ട്. |

Manoj

**സെക്ഷൻ ഓഫീസർ**